I/90642/2023

"ഭരണഭാഷ മാതൃഭാഷ"

**നമ്പർ.TCPKZD/202/2023/c1**

**തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നാഗരാസൂത്രകന്റെ കാര്യാലയം,**
**An ISO 2005-9001 Certified Office,**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ
(പി.ഒ),
കോഴിക്കോട്, തീയതി. **04-04-2023**
ഫോൺ:0495-236 9300,
ഇ-മെയിൽ:
tpkzd.lsgdplng@kerala.gov.in

**നഗരാസൂത്രകൻ,**
കോഴിക്കോട്
**സെക്രട്ടറി**
ഒളവണ്ണ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ഒളവണ്ണ ഗ്രാമപഞ്ചായത്ത്-ഇൻഡസ്ട്രിയൽ പ്രമോഷൻ സോണിൽ മേഖലയിൽ വാസഗൃഹ നിർമ്മാണം ക്രമവൽ ക്കരണം - ശ്രീമതി.റസിയ മുതൽപേരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 13/3/2023 ലെ 400997/BPRL01/GPO/2022/13845/(2) കത്ത്

ഒളവണ്ണ ഗ്രാമപഞ്ചായത്ത്,ഒളവണ്ണ വില്ലേജിൽ വാർഡ്-12, റീസർവേ നമ്പർ 142/8 -ൽ 238.8 ച .മീ സ്ഥലത്ത് 172.79 ച.മീ ബിൽറ്റ്അപ്പ് ഏരിയയിൽ ഒരു വാസഗൃഹ ക്രമവൽക്കരിക്കുന്നതിന് ശ്രീമതി. റസിയ മുതൽപേർ സമർപ്പിച്ച അപേക്ഷ 2019 ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായതിനാൽ കോഴിക്കോട് അർബൻ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണ ചട്ടം 25.1 GENERAL NOTES 13 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**<u>നിബന്ധനകൾ</u>**

1. കൺകറൻസ് എന്നത് നിർമ്മാണ അനുമതി അല്ല. ആയത് ചട്ടം 5 പ്രകാരം സെക്രട്ടറിയിൽ നിന്ന് നിർമ്മാണ അനുമതി നേടേണ്ടതാണ്.
2. നിർമ്മാണം കെ പി ബി ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.

I/90642/2023

3. കെ പി ബി ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും നിർമ്മാണാവകാശവും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച ഉറപ്പു വരുത്തേണ്ടതാണ്.
4. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനാൽ ചട്ട പ്രകാരമുള്ള compounding fee ഈടാക്കേണ്ടതാണ്.

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരു കോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 04-04-2023 21:59:39

**നഗരാസൂത്രകൻ**

**കോഴിക്കോട്**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്